പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5127 — 27.07.2015 ൽ മറുപടിയ്ക്ക്

## സ്കൂൾ ആർട്ട് ഗ്യാലറി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അൻവർ സാദത്ത്<br>ശ്രീ.എ.റ്റി.ജോർജ്ജ്<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.കെ.എസ്.ശബരീനാഥൻ | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) നിയമസഭാ മണ്ഡലങ്ങളിലെ തെരഞ്ഞെടുത്ത സ്കൂളുകളിൽ ആർട്ട് ഗ്യാലറി തുടങ്ങുവാൻ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ടോ; | (എ) കലാ പഠനം സ്കൂൾ കരിക്കുലത്തിൽ ഉൾപ്പെടുത്തിയ സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ നിയമസഭാ മണ്ഡലത്തിലും തെരഞ്ഞെടുത്ത സ്കൂളുകളിൽ ആർട്ട് ഗ്യാലറി പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കുന്നത് എന്നറിയിക്കുമോ; | (ബി) കലാപഠനം കുട്ടികളിൽ പരിപോഷിപ്പിക്കുന്നതിനും വേണ്ടുന്ന പ്രോത്സാഹനം നൽകുന്നതിനും കലാസൃഷ്ടികൾ പ്രദർശിപ്പിക്കുന്നതിനും സൗകര്യം ഏർപ്പെടുത്തുക എന്നതാണ് ഇതിന്റെ ഉദ്ദേശ ലക്ഷ്യം. |
| (സി) ഇതിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) സംസ്ഥാനത്തെ എല്ലാ നിയമസഭാ മണ്ഡലത്തിലും ചിൽഡ്രൻസ് ആർട്ട് ഗ്യാലറി തുടങ്ങുന്നതിന് മുന്നോടിയായി സംസ്ഥാനതല ഉത്ഘാടനം നിർവ്വഹിക്കുകയും, എല്ലാ നിയമസഭാ മണ്ഡലത്തിലെയും ഓരോ സ്കൂൾ വീതം തെരഞ്ഞെടുത്ത് ബന്ധപ്പെട്ട മണ്ഡലത്തിലെ എം.എൽ.എ മാരുമായി കൂടിയാലോചിച്ച് സർക്കാരിലേക്ക് അയയ്ക്കുന്നതിന് ഡി.പി.ഐയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ജവഹർലാൽ നെഹ്റുവിന്റെ 125-ാമത് ജന്മവാർഷികത്തോടനുബന്ധിച്ച് 2014 നവംബർ 14 ന് ഒരു ചിത്ര രചനാ മത്സരം, ലളിത കലാ അക്കാദമിയുടെ സഹകരണത്തോടെ നടത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ